വച്ച് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭാ സാമാജികർക്ക് നൽകുകയാണ്. ഇന്ന് വൈകുന്നേരം നടക്കുന്ന ഈ ചടങ്ങിലും തുടർന്ന് നടക്കുന്ന അത്താഴവിരുന്നിലും മുഴുവൻ നിയമസഭാ സാമാജികരും മാധ്യമ സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രിക്കുവേണ്ടി ചെയർ ഈ സഭയെ അറിയിക്കുന്നു. ഈ പരിപാടി മാറ്റിയിട്ടില്ല. ഇന്ന് വൈകുന്നേരം ആറ് മണിക്കാണ് ഈ പരിപാടി.

XV അവകാശ ലംഘന പ്രമേയങ്ങൾ

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾക്കും പൊതുഭരണ വകുപ്പുസെക്രട്ടറിക്ക് എതിരെ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. നൽകിയ നോട്ടീസിനും അനുമതി നിഷേധിച്ച വിവരം സഭയെ അറിയിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദന് എതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

XVI പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നിയമസഭയുടെ അവസാന സമ്മേളനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സഭാനേതാവ് എന്നുള്ള നിലയിൽ ഈ നിയമസഭാ കാലത്ത് ചെയ്യേണ്ടുന്ന അവസാനത്തെ കടമ നിർവ്വഹിക്കാൻവേണ്ടി ഞാൻ എഴുന്നേറ്റിരിക്കുകയാണ്. അഞ്ച് വർഷക്കാലം നിയമസഭയിൽനിന്നും സഭാനാഥൻമാരിൽനിന്നും നിയമസഭാ ജീവനക്കാരിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുള്ള എല്ലാവിധത്തിലുമുള്ള സഹകരണങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. അങ്ങയുടെ മുൻഗാമി ജി. കാർത്തികേയൻ സ്പീക്കറായിരുന്ന സമയത്തും, അദ്ദേഹത്തിന്റെ വേർപാട് ഉണ്ടാക്കിയിട്ടുള്ള ദുഃഖം ഇന്നും വിട്ടുമാറിയിട്ടില്ല. അതിനുശേഷം അങ്ങും ഈ ഉത്തരവാദിത്വം ഏറ്റെടുത്തശേഷം

LIBRARY ARCHIVES Kerala Legislative Assembly